**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **07-02-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുടെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർട്ടിഫിക്കറ്റുകളുടെ കാലാവധി നിശ്ചയിച്ച് സർക്കാർ ഉത്തരവുണ്ടെങ്കിലും മറ്റ് വകുപ്പുകൾ ഇത് അംഗീകരിക്കാതെ, സർട്ടിഫിക്കറ്റുകൾ കാലാവധി കഴിയുന്നതിന് മുമ്പ് തന്നെ പുതിയത് ഹാജരാക്കുവാൻ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹാജരാക്കേണ്ട രേഖകളിൽ സർട്ടിഫിക്കറ്റുകളുടെ കാലാവധിയിൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശം പാലിക്കുന്ന തരത്തിൽ മാറ്റം വരുത്താത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27/04/2007 ലെ സ.ഉ.(കൈ)നം.136/2007/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ലാൻഡ് റവന്യൂ മാന്വലിലെ വാല്യം VI ലെ ഖണ്ഡിക 216 പ്രകാരവും റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന വിവിധ സാക്ഷ്യപത്രങ്ങൾക്ക കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി അപേക്ഷകർ വിവിധ വകുപ്പുകളിൽ ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ ടി കാലാവധിക്കുള്ളിൽ ഉള്ളതാണോ എന്നത് പരിഗണിക്കാതെ, പല വകുപ്പുകളും / സ്ഥാപനങ്ങളും പുതിയ സർട്ടിഫിക്കറ്റ് തന്നെ ആവശ്യപ്പെടുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളിലും ആയതിന്റെ കാലാവധി എന്ന് വരെയാണെന്ന് വ്യക്തമായി രേഖപ്പെടുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർട്ടിഫിക്കറ്റുകളുടെ കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ വിവിധ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും ഉത്തരവ് കർശനമായി പാലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27/04/2007 ലെ സ.ഉ.(കൈ)നം.136/2007/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ലാൻഡ് റവന്യൂ മാന്വലിലെ വാല്യം VI ലെ ഖണ്ഡിക 216 പ്രകാരവും റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന വിവിധ സാക്ഷ്യപത്രങ്ങൾക്ക കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി അപേക്ഷകർ വിവിധ വകുപ്പുകളിൽ ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ ടി കാലാവധിക്കുള്ളിൽ ഉള്ളതാണോ എന്നത് പരിഗണിക്കാതെ, പല വകുപ്പുകളും / സ്ഥാപനങ്ങളും പുതിയ സർട്ടിഫിക്കറ്റ് തന്നെ ആവശ്യപ്പെടുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളിലും ആയതിന്റെ കാലാവധി എന്ന് വരെയാണെന്ന് |

| | | | |
|---|---|---|---|
| | | | വ്യക്തമായി രേഖപ്പെടുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ